ഒരു വർഷ കാലയളവ് ഗ്രേസ് പീരീഡ് അനുവദിച്ചുവരുന്നു. യഥാസമയം പുതുക്കാൻ കഴിയാത്ത വികലാംഗ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനായി രേഖാമൂലം അറിയിപ്പ് നൽകുകയും ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. കൂടാതെ രോഗം, പ്രസവം, കരുതൽ തടങ്കൽ/നിയമം അനുസരിച്ചുള്ള അറസ്റ്റ്, പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം മുതലായ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് ബന്ധപ്പെട്ട അധികാരികളിൽനിന്നും സാക്ഷ്യപത്രം ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാന്വലിൽ (NESM) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കി നൽകുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും അനുമതി നൽകി വരുന്നുണ്ട്. വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുതുക്കുവാൻ സർക്കാർ അനുമതി നൽകി വരുന്നുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോരിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ ഈ സർക്കാരിന്റെ കാലത്ത് 5 (അഞ്ച്) തവണ അനുമതി നൽകിയിട്ടുണ്ട്.

(സി) (ബി)-യിലെ ഉത്തരവുകൾ പ്രകാരം 1-1-1993 മുതൽ 30-6-2015 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായവർക്ക് സീനിയോറിറ്റിയോടുകൂടി രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് സീനിയോറിറ്റി യോടുകൂടി രജിസ്ട്രേഷൻ പുതുക്കുന്നതിന് സർക്കാർ വിവിധ കാലയളവിൽ പ്രത്യേക പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്രത്യേക പുതുക്കൽ ഉത്തരവ് സംസ്ഥാനതലത്തിലും മേഖലാ തലത്തിലും ജില്ലാ തലത്തിലും എല്ലാ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും നിരന്തരം പ്രാദേശികമായി പ്രചാരണം നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും നിയമനം

271 (T 936) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത എത്ര പേർ സംസ്ഥാനത്ത് ഉണ്ടെന്ന് ജില്ലകൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) 5-2-2014 തീയതിയിലെ 25941/ജി2/2013/തൊഴിൽ നമ്പർ സർക്കുലർ പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമേ നിയമനം നടത്താൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

അനുബന്ധം (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ല തിരിച്ചുള്ളത് 30-4-2015 വരെയുള്ളത്)

ക്രമ നമ്പർ	ജില്ല	രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം
1	തിരുവനന്തപുരം	5,39,825
2	കൊല്ലം	3,69,875
3	ആലപ്പുഴ	3,05,313
4	പത്തനംതിട്ട	1,32,203
5	കോട്ടയം	2,27,871
6	ഇടുക്കി	1,34,120
7	എറണാകുളം	3,11,698
8	തൃശ്ശൂർ	3,16,924
9	പാലക്കാട്	2,99,051
10	മലപ്പുറം	3,62,956
11	കോഴിക്കോട്	3,25,798
12	വയനാട്	86,648
13	കണ്ണൂർ	1,96,495
14	കാസർഗോഡ്	91,032
	ആകെ	**36,99,809**

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly